(ബി) ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജനമൈത്രി കേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ ജനമൈത്രി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കെ.എ.പി. നാലാം ബറ്റാലിയൻ, കെ.എ.പി. രണ്ടാം ബറ്റാലിയൻ, മലബാർ സ്പെഷ്യൽ പോലീസ് എന്നിവിടങ്ങളിൽ വളരെ സജീവമായി പാലിയേറ്റീവ് കെയർ സംവിധാനം പ്രവർത്തിക്കുന്നുണ്ട്.

(സി) സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ബോധവത്ക്കരണ സെമിനാറുകൾ, ലഘുനാടകങ്ങൾ, ഇൻഫർമേഷൻ ടച്ച് സ്ക്രീൻ കിയോസ്കുകളുടെ പ്രദർശനം എന്നിവ നടത്തുകയും സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. മദ്യ-മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ പ്രവർത്തിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പരിശീലനങ്ങൾ നൽകിവരുന്നു. വിദ്യാർത്ഥികളെ ബോധവത്ക്കരിക്കാനായി പാംപ്ലെറ്റുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

സൂപ്പർന്യൂമററി മിനിസ്റ്റീരിയൽ ജീവനക്കാർ

113(5702) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമന ലിസ്റ്റിൽ നിന്നും ഈ സർക്കാർ സൂപ്പർന്യൂമററി വിഭാഗത്തിൽപ്പെടുത്തി പോലീസിൽ എത്ര മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിച്ചിരുന്നു ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുത്തി മേൽ ജീവനക്കാർക്ക് നിയമനം നൽകിയിത് എന്നാണ് ;

(സി) പ്രസ്തുത ജീവനക്കാരുടെ നിയമനത്തിനുള്ള തസ്തികകൾ സൃഷ്ടിച്ചു നൽകാത്തതിനാൽ അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) 357 പേർ.

(ബി) 20-11-2012-ലെ സ.ഉ.(കൈ) നമ്പർ 292/2012/ആഭ്യന്തരം

19-2-2013-ലെ സ.ഉ.(കൈ) നമ്പർ 44/2013/ആഭ്യന്തരം

7-3-2013-ലെ സ.ഉ.(കൈ) നമ്പർ 61/2013/ആഭ്യന്തരം

LIBRARY ARCHIVES Kerala Legislative Assembly

4-6-2013-ലെ സ.ഉ.(കൈ) നമ്പർ 140/2013/ആഭ്യന്തരം

29-10-2013-ലെ സ.ഉ.(കൈ) നമ്പർ 270/2013/ആഭ്യന്തരം എന്നീ ഉത്തരവുകൾ പ്രകാരമാണ് നിയമനം നൽകിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 24-5-1999-ലെ സ.ഉ.(പി) 12/99/ഉ.ഭ.പ.വ. പ്രകാരവും 21-7-2014-ലെ സ.ഉ. (എം.എസ്.)22/14/ഉ.ഭ.പ.വ പ്രകാരവും നിയമനം ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ടൈബൽ ക്വിക്ക് റിയാക്ഷൻ ടീം

114(5703) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിൽ ടൈബൽ ക്വിക്ക് റിയാക്ഷൻ ടീം ഏതു ജില്ലകളിലാണ് രൂപീകരിച്ചത് ;

(ബി) ഓരോ ജില്ലയിലും ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ഈ ടീമിനെ അറ്റാച്ച് ചെയ്തിട്ടുള്ളത് ;

(സി) ഓരോ സ്റ്റേഷനിലെയും ടീമുകളിൽ എത്ര സേനാംഗങ്ങളാണ് ഉണ്ടാവുക ; വ്യക്തമാക്കുമോ ;

(ഡി) എന്തെല്ലാം ആധുനിക ഉപകരണങ്ങളാണ് ഇവർക്ക് ലഭ്യമാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗോത്രവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് നടത്തിവരുന്ന ദേശവിരുദ്ധ ശക്തികളുടെ പ്രവർത്തനങ്ങൾ ശക്തമായി നേരിടുന്നതിനുവേണ്ടിയുള്ള പോലീസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ്, മലപ്പുറം, കോഴിക്കോട് എന്നീ ആറ് ജില്ലകളിൽ ടൈബൽ ക്വിക്ക് റിയാക്ഷൻ ടീം എന്ന പേരിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിക്കാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly